**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3767** **15-07-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന സിൽവർ ലൈൻ പദ്ധതിക്ക് സ്റ്റാൻഡേർഡ് ഗേജ് തെരഞ്ഞെടുക്കുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സിൽവർ ലൈൻ 220 കിലോമീറ്റർ ഡിസൈൻ സ്പീഡിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഇന്ത്യൻ റെയിൽവേയിലും മറ്റ് ലോകമെമ്പാടുമുള്ള റെയിൽവേ ശൃംഖലയിലും ബ്രോഡ്ഗേജിൽ 160 കിലോമീറ്ററിൽ കൂടുതൽ വേഗതയിൽ ട്രെയിനുകൾ ഓടിക്കുന്നതിനുള്ള ട്രാക്ക് നിർമ്മാണത്തിനു വേണ്ട മാനദണ്ഡങ്ങൾ<br><br>നിലവിൽ ഇല്ല. മിക്ക രാജ്യങ്ങളും അവരുടെ ഉയർന്ന വേഗതയുള്ള ലൈനുകൾക്ക് സ്റ്റാൻഡേർഡ് ഗേജാണ് ഉപയോഗിക്കുന്നത്. ഇന്ത്യയിൽ നിർമാണത്തിൽ ഇരിക്കുന്ന മുംബൈ - അഹമ്മദാബാദ് ഹൈ സ്പീഡ് റെയിൽ പദ്ധതിയും ആസൂത്രണഘട്ടത്തിലുള്ള ഡൽഹി - വാരണാസി, ഡൽഹി- അഹമ്മദാബാദ് ,രാജ്കോട്ട് - അഹമ്മദാബാദ് മുതലായവയും സ്റ്റാൻഡേർഡ് ഗേജിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭാവിയെ മുൻനിർത്തി വരാനിരിക്കുന്ന രാജ്യത്തിന്റെ ഹൈ സ്പീഡ് ശൃംഖലയുമായി സിൽവർ ലൈൻ പദ്ധതിയെ ബന്ധിപ്പിക്കുവാൻ സാധിക്കുന്ന രീതിയിലാണ് വിശദ പഠന റിപ്പോർട്ട് തയ്യാറാക്കിയ അവസരത്തിൽ ജനറൽ കൺസൾട്ടന്റ് സിസ്ട്ര, സ്റ്റാൻഡേർഡ് ഗേജ് നിർദ്ദേശിച്ചത്. |
| (ബി) | രാജ്യത്തെ ബഹുഭൂരിപക്ഷം റെയിൽവേ ലൈനുകളും ബ്രോഡ്ഗേജ് ആണെന്നിരിക്കെ സ്റ്റാൻഡേർഡ് ഗേജിൽ സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നത് മറ്റു റെയിൽ ശൃംഖലകളുമായുള്ള ഫലപ്രദമായ സംയോജനം ഇല്ലാതാക്കുകയും ആയത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ ഇല്ലാതാക്കുകയും ചെയ്യുമെന്ന ആക്ഷേപം | (ബി) | സിൽവർ ലൈൻ പദ്ധതിയുടെ പ്രധാന ഉദ്ദേശം സംസ്ഥാനത്തിന് അകത്തുള്ള ഗതാഗത പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം എന്നതാണ്. വേഗമേറിയതും, സുരക്ഷിതവും, സൗകര്യപ്രദവുമായ ആധുനിക സംവിധാനങ്ങൾ എല്ലാം ഉൾകൊള്ളിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണ് സിൽവർ ലൈൻ. കൊച്ചുവേളി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നിവിടങ്ങളെ റെയിൽവേ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | സ്റ്റേഷനുമായി ബന്ധിപ്പിച്ചുകൊണ്ട് മറ്റ് സ്റ്റേഷനുകൾ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയിലൂടെ നിലവിലെ ഇന്ത്യൻ റെയിൽവേ സ്റ്റേഷനുമായും ബന്ധിപ്പിക്കും. ഭാവിയിൽ ഇന്ത്യയിൽ വരാനിരിക്കുന്ന ഹൈസ്പീഡ്/ സെമിഹൈസ്പീഡ് പാതകളുമായി ബന്ധിപ്പിക്കാനും ഇത് വഴി സാധിക്കും. |
| (സി) | സിൽവർ ലൈൻ പദ്ധതിക്കായി വായ്പ തരുന്നതിന് ഏതെങ്കിലും വിദേശ ധനകാര്യ സ്ഥാപനങ്ങൾ താത്പര്യം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ സ്റ്റാൻഡേർഡ് ഗേജിൽ പദ്ധതി നടപ്പാക്കണമെന്ന നിബന്ധന മുന്നോട്ട് വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | വായ്പയ്ക്കായി ജൈക്ക ഒ.ഡി.എ റോളിംഗ് പ്ലാനിൽ കേന്ദ്ര സർക്കാർ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് 63941 കോടി രൂപയാണ് സിൽവർലൈൻ പദ്ധതിക്കായി ആവശ്യം വരിക. ഡിപിആർ പ്രകാരം ബഹുമുഖ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 33700 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യം ഇടുന്നത്. ഇതിനായി എഡിബി, ജൈക്ക, എ ഐ.ഐ.ബി, കെ.എഫ്.ഡബ്ള്യു എന്നീ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിൽ വായ്പക്കായുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നീതി ആയോഗ്, റെയിവേ മന്ത്രാലയം, ധനകാര്യ എക്സ്പെൻഡീച്ചർ വകുപ്പ് എന്നിവ വായ്പയ്ക്കായി പദ്ധതി ശുപാർശ നൽകിയിട്ടുണ്ട്.<br><br>നിലവിൽ പ്രസ്തുത സ്ഥാപനങ്ങൾ സ്റ്റാൻഡേർഡ് ഗേജിൽ പദ്ധതി നടപ്പാക്കണമെന്ന നിബന്ധന മുന്നോട്ട് വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ